# 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1087** **31-01-2024 - ൽ മറുപടിയ്ക്ക്**

### ജലജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജലജീവൻ മിഷന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പദ്ധതി വിഭാവനം ചെയ്തതിന്റെ എത്ര ശതമാനം ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ജല ജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി നിരന്തരം വിലയിരുത്തുന്നുണ്ട്. കേന്ദ്രസർക്കാർ 2019-20 സാമ്പത്തിക വർഷം ആരംഭിച്ച ജലജീവൻ പദ്ധതി സംസ്ഥാനത്ത് 2020-21 സാമ്പത്തിക വർഷം മുതലാണ് നടപ്പിലാക്കാൻ തുടങ്ങിയത്. ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കാനാണ് ജലജീവൻ മിഷൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ജലജീവൻ മിഷൻ പദ്ധതിയുടെ ആരംഭത്തിൽ സംസ്ഥാനത്തെ ഗ്രാമീണ മേഖലയിൽ 17.50 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ ആണ് നിലവിലുണ്ടായിരുന്നത് (25.03%). എന്നാൽ ജല ജീവൻ പദ്ധതിയുടെ നിർവഹണത്തിലൂടെ നിലവിൽ ഗ്രാമീണ മേഖലയിലെ കുടിവെള്ള കണക്ഷനുകളുടെ എണ്ണം 36.57 ലക്ഷമായി (52.29%) ഉയർന്നിട്ടുണ്ട്. ബാക്കിയുള്ള വീടുകളിൽ കൂടി ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരികയാണ്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചുള്ള ജലജീവൻ മിഷൻ പദ്ധതിയുടെ മാർഗ്ഗ രേഖ പ്രകാരം 2024 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതി എന്ന് തുടങ്ങിയെന്നും എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | ജല ജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി നിരന്തരം വിലയിരുത്തുന്നുണ്ട്. കേന്ദ്രസർക്കാർ 2019-20 സാമ്പത്തിക വർഷം ആരംഭിച്ച ജലജീവൻ പദ്ധതി സംസ്ഥാനത്ത് 2020-21 സാമ്പത്തിക വർഷം മുതലാണ് നടപ്പിലാക്കാൻ തുടങ്ങിയത്. ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കാനാണ് ജലജീവൻ മിഷൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ജലജീവൻ മിഷൻ പദ്ധതിയുടെ ആരംഭത്തിൽ സംസ്ഥാനത്തെ ഗ്രാമീണ |

| | | | |
|---|---|---|---|
| | | | മേഖലയിൽ 17.50 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ ആണ് നിലവിലുണ്ടായിരുന്നത് (25.03%). എന്നാൽ ജല ജീവൻ പദ്ധതിയുടെ നിർവഹണത്തിലൂടെ നിലവിൽ ഗ്രാമീണ മേഖലയിലെ കുടിവെള്ള കണക്ഷനുകളുടെ എണ്ണം 36.57 ലക്ഷമായി (52.29%) ഉയർന്നിട്ടുണ്ട്. ബാക്കിയുള്ള വീട്ടുകളിൽ കൂടി ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരികയാണ്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചുള്ള ജലജീവൻ മിഷൻ പദ്ധതിയുടെ മാർഗ്ഗ രേഖ പ്രകാരം 2024 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (സി) | പ്രസ്തുത പദ്ധതി മുഖേന ആവശ്യമുള്ള മുഴുവൻ ആളുകൾക്കും കണക്ഷൻ നൽകുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | ജല ജീവൻ മിഷൻ പദ്ധതി ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനാവശ്യമായ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമായി എന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഉറപ്പ് വരുത്തേണ്ടതുണ്ട്. എല്ലാ വീടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയെന്ന് ഉറപ്പാക്കികൊണ്ടുള്ള (ഹർ ഘർ ജൽ) പഞ്ചായത്ത് തീരുമാനം ഇതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തി ഹർ ഘർ ജൽ സർട്ടിഫിക്കറ്റ് നേടേണ്ടതുണ്ട്. |
| (ഡി) | പദ്ധതി നടത്തിപ്പിന് പ്രധാന തടസ്സമായ ദേശീയപാതയിലെ റോഡ് കട്ടിങ്ങിനുള്ള അനുവാദം ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ; നാഷണൽ ഹൈവേ 966 അടക്കം ദേശീയപാതയിൽ പൈപ്പിടുന്നതിന് ദേശീയപാത അതോറിറ്റിയുടെ നിബന്ധനകൾ പ്രയാസമുണ്ടാക്കുന്നതും വൻ ചെലവ് വരുത്തുന്നതുമാണ് എന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇതിന് ആവശ്യമായ പരിഹാരം കണ്ടെത്തുമോയെന്ന് വ്യക്തമാക്കാമോ; | (ഡി) | നിലവിൽ ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ദേശീയ പാതയിൽ പൈപ്പുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് ദേശീയ പാത അതോറിറ്റിയിൽ (NHAI) നിന്നും അനുമതി ലഭിക്കേണ്ടതായിട്ടുള്ള 117 പ്രവൃത്തികൾ സംബന്ധിച്ചുള്ള വിവരങ്ങൾ ഏകോപിപ്പിച്ച് ദേശീയപാത അതോറിറ്റിക്ക് സമർപ്പിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 113 പ്രവൃത്തികൾക്ക് ദേശീയ പാത അതോറിറ്റിയിൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ട്. എന്നാൽ ഇതിൽ ദേശീയപാത 66, 74, 85, 966 എന്നിവയിൽ ഉൾപ്പെട്ട 23 പ്രവൃത്തികൾക്ക് പൈപ്പുകൾ സ്ഥാപിക്കുന്നതിന് ദേശീയപാതയോട് ചേർന്ന് പ്രത്യേക ഡക്റ്റ് സ്ഥാപിച്ച് പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതിയാണ് ലഭ്യമായിട്ടുള്ളത്. ഇത് അധിക സാമ്പത്തികബാധ്യത സൃഷ്ടിക്കുന്നതിനാൽ ഇതിനാവശ്യമായി വരുന്ന അധിക ഫണ്ട് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ദേശീയ |

| | | | |
|---|---|---|---|
| | | | ജലജീവൻ മിഷനെ (NJJM) സമീപിച്ചിട്ടുണ്ട്. ആകെ അനുമതി ലഭ്യമാക്കേണ്ട 117 പ്രവൃത്തികളിൽ 4 എണ്ണം ദേശീയ പാത അതോറിറ്റിയുടെ പരിശോധനയിലാണ്.<br><br>പി.ഡബ്ല്യൂ.ഡി-എൻ.എച്ച് വിഭാഗത്തിൽ നിന്നും ആകെ 92 അനുമതികളാണ് ലഭിക്കേണ്ടിയിരുന്നത്. ഇതിൽ 61 എണ്ണത്തിന് അനുമതിക്കായി ആവശ്യമായ തുക അടവാക്കാനുള്ള ഡിമാൻഡ് നോട്ടീസ് ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ള 31 എണ്ണം പി.ഡബ്ല്യ.ഡി-എൻ.എച്ച്. വിഭാഗത്തിന്റെ പരിഗണനയിലാണ്. |
| (ഇ) | പൊതുമരാമത്ത് റോഡുകളുടെ കട്ടിംഗിന് അനുവാദം നൽകുന്നതിനും റോഡ് റെസ്റ്റോറേഷനും കേരള വാട്ടർ അതോറിറ്റി, പൊതുമരാമത്ത് എന്നീ വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ പദ്ധതി നിർവ്വഹണത്തിന് കാലതാമസം ഉണ്ടാക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ വ്യക്തമായ നിർദ്ദേശം ഇരു വകുപ്പ് മേധാവികൾ ചേർന്ന് രൂപപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ഇ) | ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് ജല വിഭവ വകുപ്പ് മന്ത്രിമാരുടെ സാന്നിധ്യത്തിൽ 05-01-2022 ൽ കൂടിയ യോഗത്തിന്റെ തീരുമാനപ്രകാരം പൊതുമരാമത്തു റോഡുകളുടെ പരിപാലനവും ജലവിഭവ പദ്ധതി പ്രവൃത്തികളും ഏകോപിപ്പിക്കാൻ പൊതുമരാമത്ത് വകുപ്പ് ജലസേചന വകുപ്പുകളുടെ സ്ഥിരം സമിതിക്ക് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കൺവീനറായും ജല വിഭവ വകുപ്പ് സെക്രട്ടറി അംഗമായും രൂപം നൽകിയിട്ടുണ്ട്. |
| (എഫ്) | കുടിവെള്ള പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് കൃത്യവും സമയബന്ധിതവുമായ മോണിറ്ററിങ് നടത്തി വിവിധ വകുപ്പുകൾ തമ്മിൽ ആവശ്യമായ ഏകോപനം ഉണ്ടാക്കി പദ്ധതിക്ക് വേഗം കൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (എഫ്) | സംസ്ഥാനത്ത് ജലജീവൻ പദ്ധതി നിർവഹണത്തിനായി സംസ്ഥാന-ജില്ലാ -ഗ്രാമതലങ്ങളിൽ വിവിധ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ജലജീവൻ പദ്ധതിയുടെ നിർവഹണപുരോഗതി വിവിധ തലങ്ങളിൽ ഉദ്യോഗസ്ഥർ നിരന്തരം വിലയിരുത്തുന്നുണ്ട്. മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ ആഴ്ചതോറും പദ്ധതിയുടെ പുരോഗതി വിലയിരുത്തിവരുന്നു. ബഹു.സംസ്ഥാന മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. ജല വിഭവ വകുപ്പ് മന്ത്രി ജില്ലകൾ തോറും നേരിട്ട് എം.എൽ.എമാരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മീറ്റിംങ്ങുകൾ വിളിച്ചു ചേർത്ത് ജല ജീവൻ മിഷൻ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കൂടാതെ പദ്ധതിയുടെ പുരോഗതി കേന്ദ്ര സർക്കാർ നിരന്തരം വിലയിരുത്തുന്നുണ്ട്. പദ്ധതി നിർവണത്തിന്റെ ഏകോപനത്തിനായി സംസ്ഥാനതലത്തിൽ ഒരു സ്റ്റേറ്റ് പ്രോജെക്ട് മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിച്ച് പദ്ധതിപുരോഗതി നിരന്തരം വിലയിരുത്തുകയും ഏകോപന |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാകേണ്ടുന്ന അനുമതികൾ ലഭ്യമാക്കുന്നതിനായി ബന്ധപെട്ടവകുപ്പുകളുമായി ആവശ്യമായ ഇടപെടലുകൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മുഖേന നടത്തുന്നുണ്ട്. പദ്ധതി നിർവഹണ പുരോഗതി, പൊതുജനങ്ങൾക്കും പ്രാപ്യമായ രീതിയിൽ, കേരള വാട്ടർ അതോറിറ്റിയുടെയും കേന്ദ്രസർക്കാറിന്റെയും വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. ഇപ്രകാരം അവലോകനം നടത്തി പദ്ധതി നിർവഹണത്തിൽ തടസ്സങ്ങൾ യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ